# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XIV

## (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

## (HOME AFFAIRS)

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്
(Presented on 24th August, 2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV

## (ആഭ്യന്തര കാര്യങ്ങൾ)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

630/2020.

## ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തര കാര്യങ്ങൾ)
## (2019-2021)

### ഘടന

ചെയർമാൻ :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

പ്രത്യേക ക്ഷണിതാവ് :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ഡോ. എം. കെ. മുനീർ

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ് കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേഷ് കുമാർ ജി. എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ. ബി, അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ)-ന്റെ നാലാമത് റിപ്പോർട്ട് 25-4-2017-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ കളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 23-7-2020 തീയതിയിൽ ചേർന്ന സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും, രണ്ടാം ഭാഗത്തിൽ മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2020, ജൂലൈ മാസം 23-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2020 ജൂലൈ 23.

പിണറായി വിജയൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

## റിപ്പോർട്ട്

ഭാഗം I

# 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

ശിപാർശ

2052-00-090-66—സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻ ഹൗസ് ട്രെയിനിംഗ് സെൽ

നടപ്പുവർഷം നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടികൾ സുഗമമായി നടത്തുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

23-9-2019-ലെ സ.ഉ (സാധാ) നമ്പർ 7421/2019-ധന. പ്രകാരം 1 ലക്ഷം രൂപ അധികമായി ധനവകുപ്പ് അനുവദിക്കുകയുണ്ടായി. അധിക വിഹിതം ആവശ്യമെങ്കിൽ അനുയോജ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും ധനവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിൽ "ശ്രുതി" ഹാളിന്റെ ലഭ്യതയനുസരിച്ചാണ് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. പരിശീലന പരിപാടികൾ നടത്തുന്നതിന് വേണ്ടി മാത്രമായി പ്രത്യേക ഹാൾ ഇല്ലാത്തത് ഉദ്ദേശിച്ച രീതിയിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ ധനവകുപ്പ് അധികമായി അനുവദിച്ചിട്ടുള്ള തുക തുടർന്നുള്ള പരിശീലന പരിപാടികൾ നടത്തുവാൻ പര്യാപ്തമാണ്.

(സർക്കാർ കത്ത് നമ്പർ എ.ആർ. 11-1/11/2019/ഉ.ഭ.പ.വ. തീയതി 7-1-2020)

ശിപാർശ

3451-00-092-95—ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്

34-മറ്റ് ചെലവുകൾ

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വകുപ്പിന്റെ വെബ്സൈറ്റിന്റെ നവീകരണത്തിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 34 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായും വകുപ്പിന് പുതിയ ഫോട്ടോകോപ്പിയർ ഇൻസ്റ്റാൾ ചെയ്യുന്നതിനുമായി 2019-20 സാമ്പത്തിക വർഷത്തിൽ 3451-00-092-95-34-3 ശീർഷകത്തിൽ 9-7-2019-ലെ G.O.(Rt) No. 5394/2019/Fin നമ്പർ ഉത്തരവ് പ്രകാരം 10 ലക്ഷം (പത്ത് ലക്ഷം) രൂപയും, 19-11-2019-ലെ G.O. (Rt) No. 9112/2019/Fin നമ്പർ ഉത്തരവ് പ്രകാരം 22,55,000 രൂപയും (ഇരുപത്തിരണ്ട് ലക്ഷത്തി അമ്പത്തി അയ്യായിരം രൂപ) അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 32,55,000 രൂപ (മുപ്പത്തി രണ്ട് ലക്ഷത്തി അമ്പത്തിഅയ്യായിരം രൂപ) അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിൽ മതിയാകുന്നതാണ്.

(സർക്കാർ കത്ത് നമ്പർ ബി. പി. ഇ 3/177/2019-PLGEA തീയതി 21-1.2020)

<u>ശിപാർശ</u>

2015-00-105-99—<u>ലോക് സഭ</u>

2019-ലെ ലോക് സഭാ തെരഞ്ഞെടുപ്പിന്റെ പ്രാരംഭ ചെലവുകൾക്കും മറ്റ് അനുബന്ധ ചെലവുകൾക്കുമായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 27.60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധികമായി 56,66,90,000 രൂപ സർക്കാർ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 6129/ഇ.എ 1/2019/ഇലക്. തീയതി 11-6-2020)

<u>ശിപാർശ</u>

2015-00-106-99—<u>നിയമസഭ</u>

സംസ്ഥാന നിയമസഭയിലേക്ക് ഏതെങ്കിലും വിശേഷാൽ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് നടത്താനിടയായാൽ ആയതിലേക്കുള്ള ചെലവുകൾ വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. നിലവിൽ മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധികമായി 7,71,00,000 രൂപ സർക്കാർ അനുവദിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 6129/ഇ.എ 1/2019/ഇലക്. തീയതി 11-6-2020)

<u>ശിപാർശ</u>

2070-00-107-99—<u>ഹോംഗാർഡ്സ്</u>

02-5-<u>ദിവസവേതനം</u>

പോലീസിനെയും അഗ്നിശമന സേനയേയും സഹായിക്കുന്നതിനായി നിലവിലുള്ള ഹോം ഗാർഡുമാരുടെ എണ്ണം മൂവായിരത്തിൽ നിന്ന് അയ്യായിരമായി ഉയർത്തുന്നതിനും ഹോംഗാർഡുമാരുടെ ദിവസവേതനം 750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 21,000 രൂപ വീതം നൽകുന്നതിനും തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിൽ വകയിരുത്തിയ തുക കൊണ്ട് ഈ സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ഈ ശീർഷകത്തിൽ 16 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 11,72,00,000 രൂപ അഡീഷണൽ ഫണ്ടായി ടി ശീർഷകത്തിൽ വകയിരുത്തുകയുണ്ടായിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ഹോംഗാർഡുകൾക്ക് വേതനം പൂർണ്ണമായും നൽകിയിട്ടുള്ളതുമാണ്. നിലവിലും ഹോംഗാർഡുകളുടെ എണ്ണം 3000 ആയി തുടരുന്നു.

(സർക്കാർ കത്ത് നമ്പർ എഫ്2/241/2019/ആഭ്യന്തരം, തീയതി 30-6-2020)

ശിപാർശ

2070-00-108-98—പ്രതിരോധവും നിയന്ത്രണവും

(01)-ജില്ലാ ജീവനക്കാർ

വെള്ളക്കരം, കെട്ടിട വാടക, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 05-ഓഫീസ് ചെലവുകൾ 1 – വെള്ളക്കരം | - | 10 ലക്ഷം രൂപ |
| 3 - ടെലഫോൺ ചെലവ് | - | 3 ലക്ഷം രൂപ |
| 06- വാടക, കരം, നികുതി | - | 15 ലക്ഷം രൂപ |
| 34-മറ്റ് ചെലവുകൾ 3- മറ്റിനം | - | 5 ലക്ഷം രൂപ |

(ഖണ്ഡിക 99)

സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല

(സർക്കാർ കത്ത് നമ്പർ എഫ്2/241/2019/ആഭ്യന്തരം തീയതി 30-6-2020)

ശിപാർശ

2070-00-108-97—പരിശീലനം

വിയ്യൂർ ഫയർ ആൻറ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയിലെ ജീവനക്കാരുടെ യാത്രാചെലവുകൾ, ദൈനംദിന ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി വിവിധ ശീർഷകങ്ങളിലായി അനുവദിച്ചിരിക്കുന്ന തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 04-1 - യാത്രാബത്ത | - | 1 ലക്ഷം രൂപ |
| 05- ഓഫീസ് ചെലവുകൾ 1 – വെള്ളക്കരം | - | 5000 രൂപ |
| 4- മറ്റിനങ്ങൾ | - | 50,000 രൂപ |

21 – 2-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും
അറ്റകുറ്റപ്പണികളും - 1 ലക്ഷം രൂപ

45 – പി.ഒ.എൽ. - 3 ലക്ഷം രൂപ

(ഖണ്ഡിക 100)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 04-01 യാത്രാബത്ത ശീർഷകത്തിൽ 1,50,000 രൂപയും 05-01 വാട്ടർ ചാർജ്ജിനത്തിൽ 2,000 രൂപയും, 21-2-റിപ്പയർ & മെയിന്റനൻസ് ഇനത്തിൽ 2,00,000 രൂപയും റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിട്ടുള്ളതും ടി തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ എഫ്2/241/2019/ആഭ്യന്തരം തീയതി 30-6-2020)

ശിപാർശ

2070-00-108-94—അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം

അഗ്നിശമന സേനയുടെ നവീകരണത്തിനായി നടപ്പുവർഷം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള ബൃഹത്തായ കർമ്മ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും വാഹനങ്ങളും അത്യാധുനിക ഉപകരണങ്ങളും വാങ്ങുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 37.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല

(സർക്കാർ കത്ത് നമ്പർ എഫ്2/241/2019/ആഭ്യന്തരം തീയതി 30-6-2020)

ശിപാർശ

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകൽ, ഔദ്യോഗിക ഭാഷാ ആക്ടിലെ വ്യവസ്ഥകൾ, നിർദ്ദേശങ്ങൾ, പ്രധാനപ്പെട്ട ഉത്തരവുകൾ എന്നിവയെക്കുറിച്ച് സർക്കാർ ജീവനക്കാരെ ബോധവൽക്കരിക്കൽ, ഭാഷാമാറ്റ പ്രവർത്തനങ്ങൾ

ത്വരിതപ്പെടുത്തൽ, ശില്പശാലകൾ സംഘടിപ്പിക്കൽ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി '2070-00-119-97-ഭരണഭാഷ നടപ്പാക്കൽ' എന്ന ശീർഷകത്തിൽ 24.90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തേക്ക് 2.1 ലക്ഷം രൂപയാണ് "2070-00-119-97 -00-05-04-മറ്റ് ചെലവുകൾ" എന്ന ശീർഷകത്തിൽ ഔദ്യോഗിക ഭാഷാ വകുപ്പിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. നവംബർ ദിനാഘോഷം, മാതൃഭാഷാ ദിനാഘോഷം, ഭാഷാ മാറ്റപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള 2.1 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഭരണഭാഷാമാറ്റ പുരോഗതിയുടെ ഭാഗമായി മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംഘടിപ്പിക്കുന്നതിന് അഡീഷണൽ ആതറൈസേഷൻ മുഖേന "2070-00-119-97 -34-3- മറ്റ് ചെലവുകൾ" എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഔ.ഭാ1/103/2019-ഉ.പ.ഭ.വ. തീയതി 10-3-2020)

<u>ശിപാർശ</u>

2220-60-101-98—<u>പ്രചരണ സാമഗ്രികൾ</u>

2018-19 വർഷത്തെ കുടിശ്ശിക കൊടുക്കുന്നതിനും പുതിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16 ലക്ഷം രൂപ <u>ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 114)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ച 1.05 കോടി രൂപയ്ക്ക് പുറമേ ധനപുനഃവിനിയോഗം മുഖേന 61.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/11/2018/ഐ.പി.ആർ. തീയതി 10-6-2020)

<u>ശിപാർശ</u>

2220-60-101-97-01—<u>പരസ്യത്തിനുള്ള ചെലവുകൾ-അച്ചടി മാധ്യമം</u>

വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യക്കൂലി ഇനത്തിൽ 2016 മുതലുള്ള കടിശ്ശിക കൊടുത്തു തീർക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 35 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ ബി2/11/ 2018/ഐ.പി.ആർ. തീയതി 10-6-2020)

ശിപാർശ

2220-60-110-99—പുസ്തക പ്രസിദ്ധീകരണം

പുതിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും 2018-19 വർഷത്തെ കടിശ്ശിക നൽകുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 19 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 12 ലക്ഷം രൂപ കൂടാതെ 11.63 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/11/ 2018/ഐ.പി.ആർ. തീയതി 10-6-2020)

ശിപാർശ

2220-60-800-97—പത്രപ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന

പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം നേടാതെ പത്ര സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവരും 60 വയസ്സ് കഴിഞ്ഞവരും അവശത അനുഭവിക്കുന്നവരുമായ പത്ര പ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

സർക്കാർ സ്വീകരിച്ച നടപടി

പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് പ്രസ്തുത ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനവകുപ്പിനോട് അധിക തുക ആവശ്യപ്പെടുകയും അതനുസരിച്ച് 4.98 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ ബി2/11/ 2018/ഐ.പി.ആർ. തീയതി 10-6-2020)

ശിപാർശ

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം-1993

പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും, പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ അധികമായി 3.8136 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/11/ 2018/ഐ.പി.ആർ. തീയതി 10-6-2020)

ശിപാർശ

2220-60-800-89—പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമ പദ്ധതി

പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം നേടാതെ പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിച്ച പ്രമുഖ വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ അധികമായി 13.66 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി2/11/ 2018/ഐ.പി.ആർ. തീയതി 10-6-2020)

ശിപാർശ

2220-60-800-81—കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം 1999

പെൻഷൻ വാങ്ങുന്ന പത്രപ്രവർത്തകേതര ജീവനക്കാരുടെ എണ്ണം വർദ്ധിച്ചതിനാലും പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6.612 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ അധികമായി 6.612 കോടി രൂപ ആവശ്യപ്പെട്ടുവെങ്കിലും 3.6171 കോടി രൂപ മാത്രമേ ഉപധനാഭ്യർത്ഥന വഴി അനുവദിച്ചിട്ടുള്ളൂ.

(സർക്കാർ കത്ത് നമ്പർ ബി2/11/ 2018/ഐ.പി.ആർ. തീയതി 10-6-2020)

ശിപാർശ

2230 -01-103-28—പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ

കമ്മീഷനിലെ ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സർക്കാർ സ്വീകരിച്ച നടപടി

പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന് നോൺ പ്ലാൻ ഇനത്തിൽ 2019-20 ബഡ്ജറ്റിൽ അനുവദിച്ച തുക കൂടാതെ കമ്മീഷനിൽ ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന്റെ 2230 -01-103-28 എന്ന നോൺ പ്ലാൻ ശീർഷകത്തിൽ 12.46 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചിരിക്കുന്നു.

(സർക്കാർ കത്ത് നമ്പർ ബി1/74/2020/നോർക്ക തീയതി 23-6-2020)

## ഭാഗം-2

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ആകെ 125 ശിപാർശകളാണുണ്ടായിരുന്നത്. അതിൽ 17 ശിപാർശകൾക്കുള്ള മറുപടി സർക്കാരിൽ നിന്നും ലഭിച്ചു. 108 ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്:

| ശിപാർശ/ഖണ്ഡിക നമ്പർ | വകുപ്പ് |
|---|---|
| 1, 2 | പൊതുഭരണ (സ്പെഷ്യൽ-ഇ)വകുപ്പ് |
| 3, 6, 10 | പൊതുഭരണ (അക്കൗണ്ട്സ് ബഡ്ജറ്റ് വിംഗ്)വകുപ്പ് |
| 8 | പൊതുഭരണ (ഏകോപനം)വകുപ്പ് |
| 4, 5, 21, 22, 23, 26, 27, 56, 102 | നിയമ (പാർലമെന്റ്) വകുപ്പ് |
| 9, 28 | ഉദ്യോഗസ്ഥഭരണപരിഷ്കാര (എ. ആർ. 12) വകുപ്പ് |
| 13, 14, 96, 97 | ഉദ്യോഗസ്ഥഭരണപരിഷ്കാര (എ. ആർ. 13) വകുപ്പ് |
| 12 | ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ് |
| 15, 16, 17, 18, 19, 20, 24, 25, 29, 30, 31 | ആഭ്യന്തര (സി) വകുപ്പ് |
| 86, 87, 88, 89, 90 | ആഭ്യന്തര (ബി) വകുപ്പ് |
| 37 മുതൽ 55 വരെ, 57 മുതൽ 70 വരെ | ആഭ്യന്തര (ഇ) വകുപ്പ് |
| 32, 35, 36 | തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ് |
| 71 മുതൽ 85 വരെ | വിജിലൻസ് (സി) വകുപ്പ് |
| 91, 92, 93, 94, 95 | ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ് |
| 104 മുതൽ 113 വരെ | ശാസ്ത്രസാങ്കേതിക (എ) വകുപ്പ് |
| 122, 123, 124, 125 | ഗതാഗത (ഡി) വകുപ്പ് |

പിണറായി വിജയൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി-XIV.*

തിരുവനന്തപുരം,
2020, ജൂലൈ 23.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.